അപൂർണനും പാപം ചെയ്യുന്നവനുമാണ് മനുഷ്യ നെന്നറിയുന്ന അല്ലാഹു പാപ മോചനം നൽകുന്നു എന്നത് ദൈവ കാരുണ്യത്തിന്റെ മറ്റൊരുദാഹരണമാണ്. തെറ്റുകൾ ചെയ്തുപോകുന്ന വിശ്വാസി അല്ലാഹുവിന്റെ കാരുണ്യം പ്രതീക്ഷിക്കുന്നതിൽ പ്രതീക്ഷ വെടിയുകയോ അവന്റെ പാപമോചനത്തിൽ നിരാശനാകുകയോ വേണ്ടതില്ല. (39:53).

അല്ലാഹുവിന്റെ കാരുണ്യത്തിൽ നിന്ന് മൃഗങ്ങൾ പോലും ഒഴിവല്ല. അവക്കും കാഴ്ചയും കേൾവിയും ജീവസന്താരണത്തിനുള്ള വകയും സന്താനങ്ങളും മറ്റിതര അനുഗ്രഹങ്ങളും നൽകിയിരിക്കുന്നു. ഭൂമിയിലേക്ക് അയക്കപ്പെട്ട അല്ലാഹുവിന്റെ കാരുണ്യത്തിന്റെ അംശം അവയെയും ഉൾക്കൊള്ളുന്നു. അവന്റെ സൃഷ്ടികൾ പരസ്പരം കാരുണ്യമുള്ളവയാണ്. തന്റെ കുഞ്ഞിന് ചവിട്ടേൽക്കാതിരിക്കാൻ കുതിരപോലും കുളമ്പുയർത്തുന്നത് അതുകൊണ്ടാണ്.

ആഴക്കടലിലെ മത്സ്യം മുതൽ ഭൂമിയിലെ പ്രാണിവരെയും ആകാശത്തിലെ പറവകളുടെയും സുരക്ഷ ദയാപരനായ സ്രഷ്ടാവ് ഉറപ്പാക്കിയിരിക്കുന്നു. അവയെ അവനാണ് ഊട്ടിവളർത്തുന്നത്.

## നമ്മിൽ ദൈവ കാരുണ്യം എപ്രകാരം ഉയർത്താം

**"ഭൂമിയിൽ നൻമവരുത്തിയതിനു ശേഷം നിങ്ങൾ അവിടെ നാശമുണ്ടാക്കരുത്. ഭയപ്പാടോടുകൂടിയും പ്രതീക്ഷയോടുകൂടിയും നിങ്ങൾ അവനെവിളിച്ചു പ്രാർഥിക്കുകയും ചെയ്യുക. തീർച്ചയായും അല്ലാഹുവിന്റെ കാരുണ്യം സൽകർമ കാരികൾക്ക് സമീപസ്ഥമാകുന്നു" (7:56).**

**"ഭൂമിയിൽ നൻമവരുത്തിയതിനു ശേഷം നിങ്ങൾ അവിടെ നാശമുണ്ടാക്കരുത്. ഭയപ്പാടോടുകൂടിയും പ്രതീക്ഷയോടുകൂടിയും നിങ്ങൾ അവനെവിളിച്ചു പ്രാർഥിക്കുകയും ചെയ്യുക. തീർച്ചയായും അല്ലാഹുവിന്റെ കാരുണ്യം സൽകർമ കാരികൾക്ക് സമീപസ്ഥമാകുന്നു" (7:56).**

ചുവടെ ചേർക്കുന്ന വചനത്തിലെ താത്പര്യം കൃത്യമായി പുലർത്തുന്നവന് ദൈവ കൃപയാൽ പാപമോചനവും മാപ്പും വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നു:

**"പശ്ചാത്തപിക്കുകയും വിശ്വസിക്കുകയും സൽകർമം പ്രവർത്തിക്കുകയും, പിന്നെ നേർമാർഗത്തിൽ നില കൊള്ളുകയും ചെയ്തവർക്ക് തീർച്ചയായും ഞാൻ ഏറെ പൊറുത്തു കൊടുക്കുന്നവനത്രെ" (20:82).**

യഥാർഥ വിശ്വാസം ഉൾക്കൊള്ളുക എന്നതുകൊണ്ടു ദ്ദേശ്യം അന്ത്യപ്രവാചൻ മുഹമ്മദ് നബി(സ)യിൽ വിശ്വസിക്കുകയും അദ്ദേഹത്തെ അനുസരിക്കുകയും ചെയ്യുക എന്നതാകുന്നു.

നൽകപ്പെട്ട ദൈവികാനുഗ്രഹങ്ങൾ തിരിച്ചറിഞ്ഞ് അവയെ ദൈവപ്രീതിക്കിണങ്ങും വിധം ഉപയുകതമാക്കുന്ന, അതായത് ദൈവം നൽകിയ സമ്പത്തിൽ നിന്ന് ദാനംചെയ്യുകയും നിരാലംബരെ സംരക്ഷിക്കുകയും അനാഥ സംരക്ഷണം ഏറ്റെടുക്കുകയും സംസാരശേഷിയെ നല്ലതു പറയാൻ ഉപയോഗിക്കുകയും ദൈവകൽപനപ്രകാരം നന്മയിൽ വർത്തിക്കുകയും ചെയ്യുന്ന ആളുകൾക്കാണ് അല്ലാഹുവിന്റെ അളവറ്റ കാരുണ്യം ലഭിച്ചുകൊണ്ടിരിക്കുക എന്ന് സാരം.

**പ്രവാചകൻ(സ)പറഞ്ഞു: "ജനങ്ങളോട് കരുണ കാണിക്കുന്നവനോട് അല്ലാഹുവും കരുണ കാണിക്കും. ഭൂമിയിലുള്ളവരോട് കരുണകാണിക്കുക എന്നാൽ ആകാശത്തുള്ളവൻ നിങ്ങളോടും കരുണ കാണിക്കുന്നതാണ്.**

## ദൈവകാരുണ്യം നേടാനുള്ള ചില മർഗങ്ങൾ

നൽകപ്പെട്ട ദൈവികാനുഗ്രഹങ്ങൾ തിരിച്ചറിഞ്ഞ് അവയെ ദൈവപ്രീതിക്കിണങ്ങും വിധം ഉപയുകതമാക്കുന്ന, അതായത് ദൈവം നൽകിയ സമ്പത്തിൽ നിന്ന് ദാനംചെയ്യുകയും നിരാലംബരെ സംരക്ഷിക്കുകയും അനാഥ സംരക്ഷണം ഏറ്റെടുക്കുകയും സംസാരശേഷിയെ നല്ലതു പറയാൻ ഉപയോഗിക്കുകയും ദൈവകൽപനപ്രകാരം നന്മയിൽ വർത്തിക്കുകയും ചെയ്യുന്ന ആളുകൾക്കാണ് അല്ലാഹുവിന്റെ അളവറ്റ കാരുണ്യം ലഭിച്ചുകൊണ്ടിരിക്കുക എന്ന് സാരം.

**"നിങ്ങൾ അല്ലാഹുവെയും റസൂലിനെയും അനുസരിക്കുക. നിങ്ങൾ അനുഗൃഹീതരായേക്കാം" (3:132).**

**കാരുണ്യത്തെയും നന്മയെയും കുറിക്കുന്ന ഖുർആനിക അധ്യാപനങ്ങളെ അനുധാവനം ചെയ്യുക: ഇതാകട്ടെ നാം അവതരിപ്പിച്ച നൻമ നിറഞ്ഞ ഗ്രന്ഥമത്രെ. അതിനെനിങ്ങൾ പിൻപറ്റുകയും സൂക്ഷ്മത പാലിക്കുകയും ചെയ്യുക. നിങ്ങൾക്ക് കാരുണ്യം ലഭിച്ചേക്കാം"(6:155).**

**"നിങ്ങൾ നമസ്കാരം മുറപോലെ നിർവഹിക്കുകയും സകാത്ത് നൽകുകയും, റസൂലിനെഅനുസരിക്കുകയും ചെയ്യുവിൻ. നിങ്ങൾക്ക് കാരുണ്യം ലഭിച്ചേക്കാം" (24:56).**

ആത്മാർഥമായി അല്ലാഹുവോട് കാരുണ്യത്തിനായി തേടുക:

"(അവർ പ്രാർഥിക്കും:) ഞങ്ങളുടെ നാഥാ, ഞങ്ങളെ നീ സൻമാർഗത്തിലാക്കിയതിനു ശേഷം ഞങ്ങളുടെ മനസ്സുകളെ നീ തെറ്റിക്കരുതേ. നിന്റെ അടുക്കൽ നിന്നുള്ള കാരുണ്യം ഞങ്ങൾക്ക് നീ പ്രദാനം ചെയ്യേണമേ. തീർച്ചയായും നീ അത്യധികം ഔദാര്യവാനാകുന്നു" (3:8).

### കാരുണ്യവും കർമവിചാരണയും

അല്ലാഹുവിന്റെ കാരുണ്യത്തെയും നീതിയെയും സമാനമായാണ് ഗണിക്കേണ്ടത്.

**"തീർച്ചയായും സൂക്ഷ്മത പാലിക്കുന്നവർക്ക് അവരുടെ രക്ഷിതാവിങ്കൽ അനുഗ്രഹങ്ങളുടെ സ്വർഗത്തോപ്പുകളുണ്ട്. അപ്പോൾ മുസ്‌ലിംകളെ നാം കുറ്റവാളികളെപോലെ ആക്കുമോ? നിങ്ങൾക്കെന്തു പറ്റി? നിങ്ങൾ എങ്ങനെയാണ് വിധികൽപിക്കുന്നത്" (68:34 – 36).**

അല്ലാഹു പരമകാരുണികനാണ് എന്നാൽ അതിവേഗം കണക്ക് നോക്കുന്നവനുമാണ്. ആത്മാർഥമായി പശ്ചാത്തപിക്കുകയും ചെയ്ത പാപങ്ങൾ ആവർത്തിക്കാതിരിക്കുകയും അവയിൽനിന്നകന്നു നിൽക്കുമെന്ന് ദൃഢ നിശ്ചയമെടുക്കുകയും ചെയ്യാതെ അല്ലാഹുവിന്റെ കാരുണ്യം മുതലെടുത്ത് അവനെവഞ്ചിക്കാമെന്ന് ആരും കരുതേണ്ടതില്ല.

**"പശ്ചാത്താപം എന്നത് തെറ്റുകൾ ചെയ്ത് കൊണ്ടിരിക്കുകയും, എന്നിട്ട് മരണം ആസന്നമാകുമ്പോൾ ഞാനിതാ പശ്ചാത്തപിച്ചിരിക്കുന്നു എന്ന് പറയുകയും ചെയ്യുന്നവർക്കുള്ളതല്ല. സത്യനിഷേധികളായിക്കൊണ്ട് മരണമടയുന്നവർക്കുമുള്ളതല്ല. അങ്ങനെയുള്ളവർക്ക് വേദനയേറിയ ശിക്ഷയാണ് നാം ഒരുക്കിവെച്ചിട്ടുള്ളത്" (4:18).**

ചെയ്തുപോകുന്ന പാപങ്ങളിൽ ഖേദമുണ്ടായിരിക്കെതന്നെ സൽകർമ ങ്ങൾക്ക് പ്രതിഫലം കാംക്ഷിക്കാൻ മുസ്‌ലിംകൾ പ്രോത്സാഹിക്കപ്പെട്ടിരിക്കുന്നു. പാപങ്ങളിൽ സത്യസന്ധമായി പാപമോചനം തേടുകയും പൊറുക്കപ്പെടുന്നതിൽ പ്രതീക്ഷ പുലർത്തുകയും വേണം. സർവോപരി, തങ്ങളുടെ സ്രഷ്ടാവിന്റെ വാക്കുകളിൽ സംതൃപ്തരായിരിക്കുകയും അവയെ നെഞ്ചോടു ചേർക്കുകയും വേണം.

**"അല്ലാഹു നിങ്ങൾക്ക് ഭൂമിയിലുള്ളതെല്ലാം കീഴ്പെടുത്തി തന്നിരിക്കുന്നു എന്ന് നീ മനസ്സിലാക്കിയില്ലേ? അവന്റെ കൽപനപ്രകാരം കടലിലൂടെ സഞ്ചരിക്കുന്ന കപ്പലിനെയും (അവൻ കീഴ്പെടുത്തി തന്നിരിക്കുന്നു. ) അവന്റെ അനുമതി കൂടാതെ ഭൂമിയിൽ വീണുപോകാത്ത വിധം ഉപരിലോകത്തെ അവൻ പിടിച്ചു നിർത്തുകയും ചെയ്യുന്നു. തീർച്ചയായും അല്ലാഹു മനുഷ്യരോട് ഏറെ ദയയുള്ളവനും കരുണയുള്ളവനുമാകുന്നു" (22:65).**

**Nich of Truth**
PB No.1981, Vytilla, Cochin 682018, kerala, India
Tel:2301576 / 2301275 Fax:+914842301175
Email: islam@nichoftruth.org web: www.nichoftruth.org

# അല്ലാഹുവിന്റെ കാരുണ്യം



**ഇസ്‌ലാമിനെ**
**അറിയുക**

www.nichoftruth.org

"ഇനി അവർ നിന്നെ നിഷേധിച്ചുകളയുകയാണെങ്കിൽ നീ പറഞ്ഞേക്കുക: നിങ്ങളുടെ രക്ഷിതാവ് വിശാലമായ കാരുണ്യമുള്ളവനാകുന്നു. എന്നാൽ കുറ്റവാളികളായ ജനങ്ങളിൽ നിന്ന് അവന്റെ ശിക്ഷ ഒഴിവാക്കപ്പെടുന്നതല്ല" (6:147).

സർവശക്തനായ ദൈവം തന്റെ സൃഷ്ടികളോട് നിറഞ്ഞ ദയാലുവും സ്നേഹനിധിയുമാണ്. ഇഹലോകത്തും പരലോകത്തുമുള്ള അനുഗ്രഹങ്ങളും നന്മയും അവന്റെ കാരുണ്യത്തിനുള്ള വ്യക്തമായ തെളിവുകളാണ്. നിശ്ചയമായും നമ്മുടെ മാതാക്കളെക്കാൾ കാരുണ്യവാനാണ് ദൈവം എന്നാണ് ഇസ്‌ലാമിക അധ്യാപനം.

- **പാപമോചനം സ്വീകരിക്കുന്നവൻ.**
- **ദയാപരൻ.**
- **സ്നേഹനിധി.**
- **സഹിഷ്ണു.**
- **കരുണാവാരിധി.**
- **കാരുണ്യവാൻ.**
- **നന്മകളുടെ ഉറവിടം.**
- **നീതിമാൻ.**
- **ദാതാവ്.**

തുടങ്ങിയ ഗുണവിശേഷണങ്ങൾ ഉൾക്കൊള്ളുന്ന ദൈവത്തെക്കുറിച്ച് മറുത്തു പറയുക അസാധ്യം. ഈ നാമങ്ങളെല്ലാം വിശദമാക്കുന്നത് ദൈവം ഏറ്റം കരുണാപരനും ദയാവാരിധിയും നീതിമാനുമാണെന്നാണ്. സൃഷ്ടികളിലഖിലം ദൈവം അനുഗ്രഹിച്ചരുളിയ കാരുണ്യത്തിന്റെ വിസ്തൃതിയും ഉദാത്തതയും സാക്ഷീകരിക്കുന്നവയാണ് ഈ വിശേഷണ നാമങ്ങൾ.

ആദമിന്റെ മകനേ, ഭൂമിയുടെ വിസ്തൃതിയോളം തിന്മകൾ ചെയ്ത് പക്ഷേ, എന്നിൽ ആരെയും പങ്കുചേർക്കാതെ നീ എന്നെ അഭിമുഖീകരിക്കുന്നുവെങ്കിൽ ഭൂമിയുടെ വിശാലതയെക്കാൾ പാപമോചനം നൽകുന്നവനായി നിനക്ക് എന്നെ കണ്ടെത്താവുന്നതാണ് എന്ന ദൈവിക അഭിസംബോധനഅവന്റെ സൃഷ്ടിയോടാണ്!

## അല്ലാഹുവിന്റെ കാരുണ്യത്തിന്റെയും അനുഗ്രങ്ങളുടെയും ഉദാഹരണങ്ങൾ

"അപ്പോൾ നിങ്ങൾ ഇരുവിഭാഗത്തിന്റെയും രക്ഷിതാവ് ചെയ്ത അനുഗ്രഹങ്ങളിൽ ഏതിനെയാണ് നിങ്ങൾ നിഷേധിക്കുന്നത്?" (55:13).

ആരോഗ്യം, കാഴ്ച, കേൾവി, പോഷണം, ശുദ്ധവായു, സന്താനങ്ങൾ, സമ്പത്ത് തുടങ്ങി ഒട്ടനവധി ദൈവികാനുഗ്രഹങ്ങൾ ജീവിതത്തിലുടനീളം മനുഷ്യൻ സ്വീകരിക്കുന്നു. ദൈവിക സംഭാവനയായ ബുദ്ധിശക്തിയെയും കാര്യവിചാര ശേഷിയെയും ഈ അനുഗ്രഹങ്ങളെ തിരിച്ചറിയാനും ജീവിതോദ്ദേശ്യം മനസ്സിലാക്കുവാനും ഉപയുക്തമാക്കുകവഴി അല്ലാഹുവിന് സ്വന്തത്തെ സമർപ്പിച്ചവരാണ് ചിലർ.

ദൈവ ധിക്കാരിയായിരുന്നിട്ടുകൂടി തന്റെ ഭക്ഷണത്തിനും നിലനിൽപിന്നുമെല്ലം ദൈവികാനുഗ്രഹങ്ങളെ ആശ്രയിക്കുന്ന പലർക്കും അല്ലാഹുവിന്റെ കാരുണ്യത്തെ അംഗീകരിക്കാൻ കഴിയുന്നില്ല. നേർക്കുനേരെ നിഷേധത്തിൽ വർത്തിച്ചിട്ടും അവർക്കെല്ലാം ചലനശേഷിയും, ആനന്ദവും, ചിന്താ-പ്രവൃത്തി സ്വാതന്ത്ര്യങ്ങളും നൽകപ്പെട്ടിരിക്കുന്നു. അല്ലാഹുവിന്റെ കാരുണ്യമില്ലെങ്കിൽ അവരുടെ നിലനിൽപു തന്നെ അസാധ്യം.

സർവോപരി, അല്ലാഹുവിന്റെ കൽപനക്ക് അനുസൃതമായി നൽകപ്പെട്ട അനുഗ്രഹങ്ങളെ തിരിച്ചറിയാനും, പ്രയോഗ വത്കരിക്കാനും അവനെഏകനാക്കിക്കൊണ്ട് ആരാധനകൾ അർപ്പിക്കുവാനുമുള്ള ഇച്ഛാസ്വാതന്ത്ര്യം ഏവർക്കും ഉണ്ട്. എനതുകൊണ്ടെന്നാൽ:

"അല്ലാഹുവിന്റെ അനുഗ്രഹം നിങ്ങൾ എണ്ണുകയാണെങ്കിൽ നിങ്ങൾക്കതിന്റെ കണക്കെടുക്കാനാവില്ല. തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയും തന്നെ" (16:18).

## മാർഗദർശനം – വേദങ്ങളിലൂടെയും പ്രവാചകരിലൂടെയും

മർത്യൻ സൃഷ്ടിക്കപ്പെട്ട നാൾമുതൽ തന്നെ ജീവിത ക്ലേശങ്ങളെ തനിയെ നേരിടാൻ തത്പരനായിരുന്നില്ല. ദൈവകാരുണ്യത്താൽ മനുഷ്യർക്ക് പ്രവാചകരിലൂടെ ദിവ്യബോധനം ലഭിച്ചു. പ്രവാചകന്മാർ തങ്ങളുടെ ജനതക്കത് കൈമാറുകയും സംരക്ഷണ മാർഗം പഠിപ്പിക്കുകയും അവരെ നേർമാർഗത്തിലൂടെ നയിക്കുകയും ചെയ്തു. ദിവ്യവെളിപാടുകളിൽ ഏറ്റം സമഗ്രവും കാരുണ്യമേറിയതും ആണ് ഖുർആൻ. അത് നൽകപ്പെട്ട മുഹമ്മദ് നബി(സ) അന്ത്യ പ്രവാചകനുമാകുന്നു.

"അവൻ ഈ വേദഗ്രന്ഥത്തെ മുൻവേദങ്ങളെ ശരിവെക്കുന്ന തായിക്കൊണ്ട് സത്യവുമായി നിനക്ക് അവതരിപ്പിച്ചു തന്നിരിക്കുന്നു. അവൻ തൗറാത്തും ഇൻജീലും അവതരിപ്പിച്ചു" (3:3).

ഇതര വേദങ്ങളെ നിരോധിക്കുകയും അവക്ക് പകരമായി അവരോധിക്കപ്പെടുകയും ചെയ്ത അന്തിമ വേദമായ പരിശുദ്ധ ഖുർആൻ മാനവതക്കുള്ള കാരുണ്യവും മാർഗദർശനവുമാണ്.

അല്ലാഹു പൂർവപ്രവാചകരെ നിയോഗിച്ചതുപോലെ മനുഷ്യരുടെ നിത്യജീവിത വ്യവഹാരങ്ങളിൽ ഖുർആനിന്റെ കാരുണ്യവും നീതിയും എപ്രകാരം പ്രയോഗ വത്കരിക്കാം എന്നതിന് ഉദാത്തവും ജീവസ്സുറ്റതും പ്രായോഗികവുമായ മാതൃക നൽകുകയുണ്ടായി. ആ മാതൃകയാണ് മാനവതക്ക് കാരുണ്യമായി വന്ന മുഹമ്മദ് നബി(സ).

"ലോകർക്ക് കാരുണ്യമായിക്കൊണ്ടല്ലാതെ നിന്നെ നാം അയച്ചിട്ടില്ല" (21:107).

കാരുണ്യവും ദയയും സഹിഷ്ണുതയും പഠിപ്പിക്കുന്ന മനോഹരമായ പ്രവാചക വചനങ്ങളിൽ ചിലത് കാണുക:

**"സൗമ്യത വർധിപ്പിച്ചുകൊണ്ടല്ലാതെ കാരുണ്യം ഒന്നിലും ചേരുകയില്ല. ഒന്നിനെയും നിഷ്പ്രഭമാക്കിയിട്ടല്ലാതെ അത് ഒഴിഞ്ഞു പോകുകകയുമില്ല".**

**"സ്വഭാവത്തിൽ ഔന്നത്യം പുലർത്തുന്നവനത്രെ സത്യവിശ്വാസികളിൽ അത്യുത്തമൻ".**

**"അയൽക്കാരൻ വിശന്നിരിക്കവെ വയറുനിറച്ചാഹരിക്കുന്നവൻ ഉത്തമനായ സത്യവിശ്വാസിയല്ല".**

**"ഇതരരോട് കരുണകാണിക്കാത്തവനിൽ അല്ലാഹുവും കരുണ ചൊരിയുകയില്ല".**

ഇക്കാലഘട്ടത്തിലെ ഒരു സമൂഹമായ നമുക്ക് എത്ര അനുപേക്ഷണീയമാണ് ഈ സാരോപദേശങ്ങൾ!

## സൃഷ്ടികളോടുള്ള കാരുണ്യം

മനുഷ്യസൃഷ്ടിപ്പും അവന് നൽകപ്പെട്ട കഴിവുകളുമെല്ലാം തന്നെ മഹാകാരുണ്യമാണ്. സത്യത്തിൽ, നമ്മുടെ ഉണർച്ചയും ജോലിയും ഭക്ഷണവും കളിയും ഉറക്കവുമെല്ലാം നമ്മെ നന്ദിയുള്ളവരാക്കേണ്ടതുണ്ട്.

"അവന്റെ കാരുണ്യത്താൽ അവൻ നിങ്ങൾക്ക് രാവും പകലും ഉണ്ടാക്കിത്തന്നിരിക്കുന്നു, രാത്രിയിൽ നിങ്ങൾ വിശ്രമിക്കുവാനും (പകൽ സമയത്ത്) അവന്റെ അനുഗ്രഹത്തിൽ നിന്ന് നിങ്ങൾ തേടിക്കൊണ്ട് വരാനും, നിങ്ങൾ നന്ദികാണിക്കുവാനും വേണ്ടി" (28:73).

ഒരു ഇണ എന്നത് സ്നേഹത്തിന്റെയും ശാന്തിയുടെയും ഉറവിടവും വലിയ കാരുണ്യവുമാണ്.

"നിങ്ങൾക്ക് സമാധാനപൂർവം ഒത്തുചേരേണ്ടതിനായി നിങ്ങളിൽനിന്ന് തന്നെ നിങ്ങൾക്ക് ഇണകളെ സൃഷ്ടിക്കുകയും, നിങ്ങൾക്കിടയിൽ സ്നേഹവും കാരുണ്യവും ഉണ്ടാക്കുകയും ചെയ്തതും അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ. തീർച്ചയായും അതിൽ ചിന്തിക്കുന്ന ജനങ്ങൾക്ക് ദൃഷ്ടാന്തങ്ങളുണ്ട്" (30:21).

നമ്മെ ഏവരെയും നിഷ്കളങ്കരായി സൃഷ്ടിക്കുകയും പ്രായപൂർത്തിയും കാര്യപ്രാപ്തിയും എത്തുവോളം വിചാരണ ചെയ്യപ്പെടാത്തവരായി പരിഗണിക്കുകയും ചെയ്യുന്നത് ദൈവകാരുണ്യത്തിന്റെ മറ്റൊരു ഭാഗമാണെന്നതത്രെ യാഥാർഥ്യം. ക്രൈസ്തവതയിലെ ആദിപാപ സങ്കൽപവുമായി ഇത് തികഞ്ഞ വൈപരീത്യം പുലർത്തുന്നു.

അപൂർണനനും പാപം ചെയ്യുന്നവനുമാണ് മനുഷ്യനെന്നറിയുന്ന അല്ലാഹു പാപ മോചനം നൽകുന്നു എന്നത് ദൈവ കാരുണ്യത്തിന്റെ മറ്റൊരുദാഹരണമാണ്.

അപൂർണനും പാപം ചെയ്യുന്നവനുമാണ് മനുഷ്യ നെന്നറിയുന്ന അല്ലാഹു പാപ മോചനം നൽകുന്നു എന്നത് ദൈവ കാരുണ്യത്തിന്റെ മറ്റൊരുദാഹരണമാണ്. തെറ്റുകൾ ചെയ്തുപോകുന്ന വിശ്വാസി അല്ലാഹുവിന്റെ കാരുണ്യം പ്രതീക്ഷിക്കുന്നതിൽ പ്രതീക്ഷ വെടിയുകയോ അവന്റെ പാപമോചനത്തിൽ നിരാശനാകുകയോ വേണ്ടതില്ല. (39:53).

അല്ലാഹുവിന്റെ കാരുണ്യത്തിൽ നിന്ന് മൃഗങ്ങൾ പോലും ഒഴിവല്ല. അവക്കും കാഴ്ചയും കേൾവിയും ജീവസന്താരണത്തിനുള്ള വകയും സന്താനങ്ങളും മറ്റിതര അനുഗ്രഹങ്ങളും നൽകിയിരിക്കുന്നു. ഭൂമിയിലേക്ക് അയക്കപ്പെട്ട അല്ലാഹുവിന്റെ കാരുണ്യത്തിന്റെ അംശം അവയെയും ഉൾക്കൊള്ളുന്നു. അവന്റെ സൃഷ്ടികൾ പരസ്പരം കാരുണ്യമുള്ളവയാണ്. തന്റെ കുഞ്ഞിന് ചവിട്ടേൽക്കാതിരിക്കാൻ കുതിരപോലും കുളമ്പുയർത്തുന്നത് അതുകൊണ്ടാണ്.

ആഴക്കടലിലെ മത്സ്യം മുതൽ ഭൂമിയിലെ പ്രാണിവരെയും ആകാശത്തിലെ പറവകളുടെയും സുരക്ഷ ദയാപരനായ സ്രഷ്ടാവ് ഉറപ്പാക്കിയിരിക്കുന്നു. അവയെ അവനാണ് ഊട്ടിവളർത്തുന്നത്.

### നമ്മിൽ ദൈവ കാരുണ്യം എപ്രകാരം ഉയർത്താം

**"ഭൂമിയിൽ നൻമവരുത്തിയതിനു ശേഷം നിങ്ങൾ അവിടെ നാശമുണ്ടാക്കരുത്. ഭയപ്പാടോടുകൂടിയും പ്രതീക്ഷയോടുകൂടിയും നിങ്ങൾ അവനെവിളിച്ചു പ്രാർഥിക്കുകയും ചെയ്യുക. തീർച്ചയായും അല്ലാഹുവിന്റെ കാരുണ്യം സൽകർമകാരികൾക്ക് സമീപസ്ഥമാകുന്നു" (7:56).**

**"ഭൂമിയിൽ നൻമവരുത്തിയതിനു ശേഷം നിങ്ങൾ അവിടെ നാശമുണ്ടാക്കരുത്. ഭയപ്പാടോടുകൂടിയും പ്രതീക്ഷയോടുകൂടിയും നിങ്ങൾ അവനെവിളിച്ചു പ്രാർഥിക്കുകയും ചെയ്യുക. തീർച്ചയായും അല്ലാഹുവിന്റെ കാരുണ്യം സൽകർമ കാരികൾക്ക് സമീപസ്ഥമാകുന്നു" (7:56).**

ചുവടെ ചേർക്കുന്ന വചനത്തിലെ താത്പര്യം കൃത്യമായി പുലർത്തുന്നവന് ദൈവ കൃപയാൽ പാപമോചനവും മാപ്പും വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നു:

**"പശ്ചാത്തപിക്കുകയും വിശ്വസിക്കുകയും സൽകർമം പ്രവർത്തിക്കുകയും, പിന്നെ നേർമാർഗത്തിൽ നില കൊള്ളുകയും ചെയ്തവർക്ക് തീർച്ചയായും ഞാൻ ഏറെ പൊറുത്തു കൊടുക്കുന്നവനത്രെ" (20:82).**

യഥാർഥ വിശ്വാസം ഉൾക്കൊള്ളുക എന്നതുകൊണ്ടു ദ്ദേശ്യം അന്ത്യപ്രവാചൻ മുഹമ്മദ് നബി(സ)യിൽ വിശ്വസിക്കുകയും അദ്ദേഹത്തെ അനുസരിക്കുകയും ചെയ്യുക എന്നതാകുന്നു.

നൽകപ്പെട്ട ദൈവികാനുഗ്രഹങ്ങൾ തിരിച്ചറിഞ്ഞ് അവയെ ദൈവപ്രീതിക്കിണങ്ങും വിധം ഉപയുകതമാക്കുന്ന, അതായത് ദൈവം നൽകിയ സമ്പത്തിൽ നിന്ന് ദാനംചെയ്യുകയും നിരാലംബരെ സംരക്ഷിക്കുകയും അനാഥ സംരക്ഷണം ഏറ്റെടുക്കുകയും സംസാരശേഷിയെ നല്ലതു പറയാൻ ഉപയോഗിക്കുകയും ദൈവകൽപനപ്രകാരം നന്മയിൽ വർത്തിക്കുകയും ചെയ്യുന്ന ആളുകൾക്കാണ് അല്ലാഹുവിന്റെ അളവറ്റ കാരുണ്യം ലഭിച്ചുകൊണ്ടിരിക്കുക എന്ന് സാരം.

**പ്രവാചകൻ(സ)പറഞ്ഞു: "ജനങ്ങളോട് കരുണ കാണിക്കുന്നവനോട് അല്ലാഹുവും കരുണ കാണിക്കും. ഭൂമിയിലുള്ളവരോട് കരുണകാണിക്കുക എന്നാൽ ആകാശത്തുള്ളവൻ നിങ്ങളോടും കരുണ കാണിക്കുന്നതാണ്.**

### ദൈവകാരുണ്യം നേടാനുള്ള ചില മർഗങ്ങൾ

നൽകപ്പെട്ട ദൈവികാനുഗ്രഹങ്ങൾ തിരിച്ചറിഞ്ഞ് അവയെ ദൈവപ്രീതിക്കിണങ്ങും വിധം ഉപയുകതമാക്കുന്ന, അതായത് ദൈവം നൽകിയ സമ്പത്തിൽ നിന്ന് ദാനംചെയ്യുകയും നിരാലംബരെ സംരക്ഷിക്കുകയും അനാഥ സംരക്ഷണം ഏറ്റെടുക്കുകയും സംസാരശേഷിയെ നല്ലതു പറയാൻ ഉപയോഗിക്കുകയും ദൈവകൽപനപ്രകാരം നന്മയിൽ വർത്തിക്കുകയും ചെയ്യുന്ന ആളുകൾക്കാണ് അല്ലാഹുവിന്റെ അളവറ്റ കാരുണ്യം ലഭിച്ചുകൊണ്ടിരിക്കുക എന്ന് സാരം.

**"നിങ്ങൾ അല്ലാഹുവെയും റസൂലിനെയും അനുസരിക്കുക. നിങ്ങൾ അനുഗ്യഹീതരായേക്കാം" (3:132).**

**കാരുണ്യത്തെയും നന്മയെയും കുറിക്കുന്ന ഖുർആനിക അധ്യാപനങ്ങളെ അനുധാവനം ചെയ്യുക: ഇതാകട്ടെ നാം അവതരിപ്പിച്ച നൻമ നിറഞ്ഞ ഗ്രന്ഥമത്രെ. അതിനെനിങ്ങൾ പിൻപറ്റുകയും സൂക്ഷ്മത പാലിക്കുകയും ചെയ്യുക. നിങ്ങൾക്ക് കാരുണ്യം ലഭിച്ചേക്കാം"(6:155).**

**"നിങ്ങൾ നമസ്കാരം മുറപോലെ നിർവഹിക്കുകയും സകാത്ത് നൽകുകയും, റസൂലിനെഅനുസരിക്കുകയും ചെയ്യുവിൻ. നിങ്ങൾക്ക് കാരുണ്യം ലഭിച്ചേക്കാം" (24:56).**
ആത്മാർഥമായി അല്ലാഹുവോട് കാരുണ്യത്തിനായി തേടുക:

"(അവർ പ്രാർഥിക്കും:) ഞങ്ങളുടെ നാഥാ, ഞങ്ങളെ നീ സൻമാർഗത്തിലാക്കിയതിനു ശേഷം ഞങ്ങളുടെ മനസ്സുകളെ നീ തെറ്റിക്കരുതേ. നിന്റെ അടുക്കൽ നിന്നുള്ള കാരുണ്യം ഞങ്ങൾക്ക് നീ പ്രദാനം ചെയ്യേണമേ. തീർച്ചയായും നീ അത്യധികം ഔദാര്യവാനാകുന്നു" (3:8).

### കാരുണ്യവും കർമവിചാരണയും

അല്ലാഹുവിന്റെ കാരുണ്യത്തെയും നീതിയെയും സമാനമായാണ് ഗണിക്കേണ്ടത്.

**"തീർച്ചയായും സൂക്ഷ്മത പാലിക്കുന്നവർക്ക് അവരുടെ രക്ഷിതാവിങ്കൽ അനുഗ്രഹങ്ങളുടെ സ്വർഗത്തോപ്പുകളുണ്ട്. അപ്പോൾ മുസ്‌ലിംകളെ നാം കുറ്റവാളികളെപോലെ ആക്കുമോ? നിങ്ങൾക്കെന്തു പറ്റി? നിങ്ങൾ എങ്ങനെയാണ് വിധികൽപിക്കുന്നത്" (68:34 – 36).**

അല്ലാഹു പരമകാരുണികനാണ് എന്നാൽ അതിവേഗം കണക്ക് നോക്കുന്നവനുമാണ്. ആത്മാർഥമായി പശ്ചാത്തപിക്കുകയും ചെയ്ത പാപങ്ങൾ ആവർത്തിക്കാതിരിക്കുകയും അവയിൽനിന്നകന്നു നിൽക്കുമെന്ന് ദൃഢ നിശ്ചയമെടുക്കുകയും ചെയ്യാതെ അല്ലാഹുവിന്റെ കാരുണ്യം മുതലെടുത്ത് അവനെവഞ്ചിക്കാമെന്ന് ആരും കരുതേണ്ടതില്ല.

**"പശ്ചാത്താപം എന്നത് തെറ്റുകൾ ചെയ്ത് കൊണ്ടിരിക്കുകയും, എന്നിട്ട് മരണം ആസന്നമാകുമ്പോൾ ഞാനിതാ പശ്ചാത്തപിച്ചിരിക്കുന്നു എന്ന് പറയുകയും ചെയ്യുന്നവർക്കുള്ളതല്ല. സത്യനിഷേധികളായിക്കൊണ്ട് മരണമടയുന്നവർക്കുമുള്ളതല്ല. അങ്ങനെയുള്ളവർക്ക് വേദനയേറിയ ശിക്ഷയാണ് നാം ഒരുക്കിവെച്ചിട്ടുള്ളത്" (4:18).**

ചെയ്തുപോകുന്ന പാപങ്ങളിൽ ഖേദമുണ്ടായിരിക്കെതന്നെ സൽകർമ ങ്ങൾക്ക് പ്രതിഫലം കാംക്ഷിക്കാൻ മുസ്‌ലിംകൾ പ്രോത്സാഹിക്കപ്പെട്ടിരിക്കുന്നു. പാപങ്ങളിൽ സത്യസന്ധമായി പാപമോചനം തേടുകയും പൊറുക്കപ്പെടുന്നതിൽ പ്രതീക്ഷ പുലർത്തുകയും വേണം. സർവോപരി, തങ്ങളുടെ സ്രഷ്ടാവിന്റെ വാക്കുകളിൽ സംതൃപ്തരായിരിക്കുകയും അവയെ നെഞ്ചോടു ചേർക്കുകയും വേണം.

**"അല്ലാഹു നിങ്ങൾക്ക് ഭൂമിയിലുള്ളതെല്ലാം കീഴ്പെടുത്തി തന്നിരിക്കുന്നു എന്ന് നീ മനസ്സിലാക്കിയില്ലേ? അവന്റെ കൽപനപ്രകാരം കടലിലൂടെ സഞ്ചരിക്കുന്ന കപ്പലിനെയും (അവൻ കീഴ്പെടുത്തി തന്നിരിക്കുന്നു. ) അവന്റെ അനുമതി കൂടാതെ ഭൂമിയിൽ വീണുപോകാത്ത വിധം ഉപരിലോകത്തെ അവൻ പിടിച്ചു നിർത്തുകയും ചെയ്യുന്നു. തീർച്ചയായും അല്ലാഹു മനുഷ്യരോട് ഏറെ ദയയുള്ളവനും കരുണയുള്ളവനുമാകുന്നു" (22:65).**

**Nich of Truth**
PB No.1981, Vytilla, Cochin 682018, kerala, India
Tel:2301576 / 2301275 Fax:+914842301175
Email: islam@nichoftruth.org web: www.nichoftruth.org

# അല്ലാഹുവിന്റെ കാരുണ്യം



**ഇസ്‌ലാമിനെ അറിയുക**

www.nichoftruth.org

**"ഇനി അവർ നിന്നെ നിഷേധിച്ചുകളയുകയാണെങ്കിൽ നീ പറഞ്ഞേക്കുക: നിങ്ങളുടെ രക്ഷിതാവ് വിശാലമായ കാരുണ്യമുള്ളവനാകുന്നു. എന്നാൽ കുറ്റവാളികളായ ജനങ്ങളിൽ നിന്ന് അവന്റെ ശിക്ഷ ഒഴിവാക്കപ്പെടുന്നതല്ല" (6:147).**

സർവശക്തനായ ദൈവം തന്റെ സൃഷ്ടികളോട് നിറഞ്ഞ ദയാലുവും സ്നേഹനിധിയുമാണ്. ഇഹലോകത്തും പരലോകത്തുമുള്ള അനുഗ്രഹങ്ങളും നന്മയും അവന്റെ കാരുണ്യത്തിനുള്ള വ്യക്തമായ തെളിവുകളാണ്. നിശ്ചയമായും നമ്മുടെ മാതാക്കളെക്കാൾ കാരുണ്യവാനാണ് ദൈവം എന്നാണ് ഇസ്‌ലാമിക അധ്യാപനം.

- **പാപമോചനം സ്വീകരിക്കുന്നവൻ.**
- **ദയാപരൻ.**
- **സ്നേഹനിധി.**
- **സഹിഷ്ണു.**
- **കരുണാവാരിധി.**
- **കാരുണ്യവാൻ.**
- **നന്മകളുടെ ഉറവിടം.**
- **നീതിമാൻ.**
- **ദാതാവ്.**

തുടങ്ങിയ ഗുണവിശേഷണങ്ങൾ ഉൾക്കൊള്ളുന്ന ദൈവത്തെക്കുറിച്ച് മറുത്തു പറയുക അസാധ്യം. ഈ നാമങ്ങളെല്ലാം വിശദമാക്കുന്നത് ദൈവം ഏറ്റം കരുണാപരനും ദയാവാരിധിയും നീതിമാനുമാണെന്നാണ്. സൃഷ്ടികളിലഖിലം ദൈവം അനുഗ്രഹിച്ചരുളിയ കാരുണ്യത്തിന്റെ വിസ്തൃതിയും ഉദാത്തതയും സാക്ഷീകരിക്കുന്നവയാണ് ഈ വിശേഷണ നാമങ്ങൾ.

ആദമിന്റെ മകനേ, ഭൂമിയുടെ വിസ്തൃതിയോളം തിന്മകൾ ചെയ്ത് പക്ഷേ, എന്നിൽ ആരെയും പങ്ക്ചേർക്കാതെ നീ എന്നെ അഭിമുഖീകരിക്കുന്നുവെങ്കിൽ ഭൂമിയുടെ വിശാലതയെക്കാൾ പാപമോചനം നൽകുന്നവനായി നിനക്ക് എന്നെ കണ്ടെത്താവുന്നതാണ് എന്ന ദൈവിക അഭിസംബോധനഅവന്റെ സൃഷ്ടിയോടാണ്!

## അല്ലാഹുവിന്റെ കാരുണ്യത്തിന്റെയും അനുഗ്രങ്ങളുടെയും ഉദാഹരണങ്ങൾ

**"അപ്പോൾ നിങ്ങൾ ഇരുവിഭാഗത്തിന്റെയും രക്ഷിതാവ് ചെയ്ത അനുഗ്രഹങ്ങളിൽ ഏതിനെയാണ് നിങ്ങൾ നിഷേധിക്കുന്നത്?" (55:13).**

ആരോഗ്യം, കാഴ്ച, കേൾവി, പോഷണം, ശുദ്ധവായു, സന്താനങ്ങൾ, സമ്പത്ത് തുടങ്ങി ഒട്ടനവധി ദൈവികാനുഗ്രഹങ്ങൾ ജീവിതത്തിലുടനീളം മനുഷ്യൻ സ്വീകരിക്കുന്നു. ദൈവിക സംഭാവനയായ ബുദ്ധിശക്തിയെയും കാര്യവിചാര ശേഷിയെയും ഈ അനുഗ്രഹങ്ങളെ തിരിച്ചറിയാനും ജീവിതോദ്ദേശ്യം മനസ്സിലാക്കുവാനും ഉപയുക്തമാക്കുകവഴി അല്ലാഹുവിന് സ്വന്തത്തെ സമർപ്പിച്ചവരാണ് ചിലർ.

ദൈവ ധിക്കാരിയായിരുന്നിട്ടുകൂടി തന്റെ ഭക്ഷണത്തിനും നിലനിൽപിന്നുമെല്ലാം ദൈവികാനുഗ്രഹങ്ങളെ ആശ്രയിക്കുന്ന പലർക്കും അല്ലാഹുവിന്റെ കാരുണ്യത്തെ അംഗീകരിക്കാൻ കഴിയുന്നില്ല. നേർക്കുനേരെ നിഷേധത്തിൽ വർത്തിച്ചിട്ടും അവർക്കെല്ലാം ചലനശേഷിയും, ആനന്ദവും, ചിന്താ-പ്രവൃത്തി സ്വാതന്ത്ര്യങ്ങളും നൽകപ്പെട്ടിരിക്കുന്നു. അല്ലാഹുവിന്റെ കാരുണ്യമില്ലെങ്കിൽ അവരുടെ നിലനിൽപു തന്നെ അസാധ്യം.

സർവോപരി, അല്ലാഹുവിന്റെ കൽപനക്ക് അനുസൃതമായി നൽകപ്പെട്ട അനുഗ്രഹങ്ങളെ തിരിച്ചറിയാനും, പ്രയോഗ വത്കരിക്കാനും അവനെഏകനാക്കിക്കൊണ്ട് ആരാധനകൾ അർപ്പിക്കുവാനുമുള്ള ഇച്ഛാസ്വാതന്ത്ര്യം ഏവർക്കും ഉണ്ട്. എനതുകൊണ്ടെന്നാൽ:

**"അല്ലാഹുവിന്റെ അനുഗ്രഹം നിങ്ങൾ എണ്ണുകയാണെങ്കിൽ നിങ്ങൾക്കതിന്റെ കണക്കെടുക്കാനാവില്ല. തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയും തന്നെ" (16:18).**

## മാർഗദർശനം – വേദങ്ങളിലൂടെയും പ്രവാചകരിലൂടെയും

മർത്യൻ സൃഷ്ടിക്കപ്പെട്ട നാൾമുതൽ തന്നെ ജീവിത ക്ലേശങ്ങളെ തനിയെ നേരിടാൻ തത്പരനായിരുന്നില്ല. ദൈവകാരുണ്യത്താൽ മനുഷ്യർക്ക് പ്രവാചകരിലൂടെ ദിവ്യബോധനം ലഭിച്ചു. പ്രവാചകന്മാർ തങ്ങളുടെ ജനതക്കത് കൈമാറുകയും സംരക്ഷണ മാർഗം പഠിപ്പിക്കുകയും അവരെ നേർമാർഗത്തിലൂടെ നയിക്കുകയും ചെയ്തു. ദിവ്യവെളിപാടുകളിൽ ഏറ്റം സമഗ്രവും കാരുണ്യമേറിയതും ആണ് ഖുർആൻ. അത് നൽകപ്പെട്ട മുഹമ്മദ് നബി(സ) അന്ത്യ പ്രവാചകനുമാകുന്നു.

**"അവൻ ഈ വേദഗ്രന്ഥത്തെ മുൻവേദങ്ങളെ ശരിവെക്കുന്ന തായിക്കൊണ്ട് സത്യവുമായി നിനക്ക് അവതരിപ്പിച്ചു തന്നിരിക്കുന്നു. അവൻ തൗറാത്തും ഇൻജീലും അവതരിപ്പിച്ചു" (3:3).**

ഇതര വേദങ്ങളെ നിരോധിക്കുകയും അവക്ക് പകരമായി അവരോധിക്കപ്പെടുകയും ചെയ്ത അന്തിമ വേദമായ പരിശുദ്ധ ഖുർആൻ മാനവതക്കുള്ള കാരുണ്യവും മാർഗദർശനവുമാണ്.

അല്ലാഹു പൂർവപ്രവാചകരെ നിയോഗിച്ചതുപോലെ മനുഷ്യരുടെ നിത്യജീവിത വ്യവഹാരങ്ങളിൽ ഖുർആനിന്റെ കാരുണ്യവും നീതിയും എപ്രകാരം പ്രയോഗ വത്കരിക്കാം എന്നതിന് ഉദാത്തവും ജീവസ്സുറ്റതും പ്രായോഗികവുമായ മാതൃക നൽകുകയുണ്ടായി. ആ മാതൃകയാണ് മാനവതക്ക് കാരുണ്യമായി വന്ന മുഹമ്മദ് നബി(സ).

**"ലോകർക്ക് കാരുണ്യമായിക്കൊണ്ടല്ലാതെ നിന്നെ നാം അയച്ചിട്ടില്ല" (21:107).**

കാരുണ്യവും ദയയും സഹിഷ്ണുതയും പഠിപ്പിക്കുന്ന മനോഹരമായ പ്രവാചക വചനങ്ങളിൽ ചിലത് കാണുക:

**"സൗഭഗം വർധിപ്പിച്ചുകൊണ്ടല്ലാതെ കാരുണ്യം ഒന്നിലും ചേരുകയില്ല. ഒന്നിനെയും നിഷ്പ്രഭമാക്കിയിട്ടല്ലാതെ അത് ഒഴിഞ്ഞു പോകുകകയുമില്ല".**

**"സ്വഭാവത്തിൽ ഔന്നത്യം പുലർത്തുന്നവനത്രെ സത്യവിശ്വാസികളിൽ അത്യുത്തമൻ".**

**"അയൽക്കാരൻ വിശന്നിരിക്കവെ വയറുനിറച്ചാഹരിക്കുന്നവൻ ഉത്തമനായ സത്യവിശ്വാസിയല്ല".**

**"ഇതരരോട് കരുണകാണിക്കാത്തവനിൽ അല്ലാഹുവും കരുണ ചൊരിയുകയില്ല".**

ഇക്കാലഘട്ടത്തിലെ ഒരു സമൂഹമായ നമുക്ക് എത്ര അനുപേക്ഷണീയമാണ് ഈ സാരോപദേശങ്ങൾ!

## സൃഷ്ടികളോടുള്ള കാരുണ്യം

മനുഷ്യസൃഷ്ടിപ്പും അവന് നൽകപ്പെട്ട കഴിവുകളുമെല്ലാം തന്നെ മഹാകാരുണ്യമാണ്. സത്യത്തിൽ, നമ്മുടെ ഉണർച്ചയും ജോലിയും ഭക്ഷണവും കളിയും ഉറക്കവുമെല്ലാം നമ്മെ നന്ദിയുള്ളവരാക്കേണ്ടതുണ്ട്.

**"അവന്റെ കാരുണ്യത്താൽ അവൻ നിങ്ങൾക്ക് രാവും പകലും ഉണ്ടാക്കിത്തന്നിരിക്കുന്നു, രാത്രിയിൽ നിങ്ങൾ വിശ്രമിക്കുവാനും (പകൽ സമയത്ത്) അവന്റെ അനുഗ്രഹത്തിൽ നിന്ന് നിങ്ങൾ തേടിക്കൊണ്ട് വരാനും, നിങ്ങൾ നന്ദികാണിക്കുവാനും വേണ്ടി" (28:73).**

ഒരു ഇണ എന്നത് സ്നേഹത്തിന്റെയും ശാന്തിയുടെയും ഉറവിടവും വലിയ കാരുണ്യവുമാണ്.

**"നിങ്ങൾക്ക് സമാധാനപൂർവം ഒത്തുചേരേണ്ടതിനായി നിങ്ങളിൽനിന്ന് തന്നെ നിങ്ങൾക്ക് ഇണകളെ സൃഷ്ടിക്കുകയും, നിങ്ങൾക്കിടയിൽ സ്നേഹവും കാരുണ്യവും ഉണ്ടാക്കുകയും ചെയ്തതും അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ. തീർച്ചയായും അതിൽ ചിന്തിക്കുന്ന ജനങ്ങൾക്ക് ദൃഷ്ടാന്തങ്ങളുണ്ട്" (30:21).**

നമ്മെ ഏവരെയും നിഷ്കളങ്കരായി സൃഷ്ടിക്കുകയും പ്രായപൂർത്തിയും കാര്യപ്രാപ്തിയും എത്തുവോളം വിചാരണ ചെയ്യപ്പെടാത്തവരായി പരിഗണിക്കുകയും ചെയ്യുന്നത് ദൈവകാരുണ്യത്തിന്റെ മറ്റൊരു ഭാഗമാണെന്നതത്രെ യാഥാർഥ്യം. ക്രൈസ്തവതയിലെ ആദിപാപ സങ്കൽപവുമായി ഇത് തികഞ്ഞ വൈപരീത്യം പുലർത്തുന്നു.

അപൂർണനും പാപം ചെയ്യുന്നവനുമാണ് മനുഷ്യനെന്നറിയുന്ന അല്ലാഹു പാപ മോചനം നൽകുന്നു എന്നത് ദൈവ കാരുണ്യത്തിന്റെ മറ്റൊരുദാഹരണമാണ്.